അനുഭവം

ജോഷി മംഗലത്ത്

എസ്. ജാനകിയും ആശാനും വീണപൂവും

തലമുറകൾ കഴിഞ്ഞിട്ടും ആശാന്റെ വിശ്വദർശന ചക്രവാളത്തിൽ ഹൃദയം ചേർത്തുവച്ച അനുഭവം പങ്കുവയ്ക്കുന്ന തിരക്കഥാകൃത്തും എഴുത്തുകാരനുമായ ജോഷി മംഗലത്ത്

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നതൊരു രാജ്ഞികണക്കയേ നീ
ശ്രീഭൂവിലസ്ഥിര അസംശയം ഇന്നു നിന്റെ –
യാ ഭൂതിയെങ്ങു, പുനരെങ്ങു
കിടപ്പിതോർത്താൽ.

കുമാരനാശാന്റെ വീണപൂവിലെ ഈ ഒന്നാം ശ്ലോകം പരീക്ഷക്കു വേണ്ടി ഹൃദിസ്ഥമാക്കിയത് വർഷങ്ങൾക്കു മുൻപായിരുന്നു. സത്യജിത് റായിയെപ്പോലെ ഉയരമുള്ള മലയാള അദ്ധ്യാപകൻ ജോബ് സാറാണതു പഠിപ്പിച്ചത്.

ശുഭ്രവെള്ള ഖദർ ജുബ്ബയും, മുണ്ടും ധരിച്ചെത്തുന്ന ജോബ് സാറിന് 'റായി'യുടെ അതേ ഛായയായിരുന്നു. വിശാലമായ നെറ്റിയും, നീണ്ടമൂക്കും, എണ്ണ പുരട്ടി പുറകോട്ടു ചേർത്തു ചീകിവച്ച നര കയറിയ മുടികളുമുള്ള അദ്ദേഹം കട്ടി ഫ്രെയിമിലെ കറുത്ത കണ്ണടകൾക്കിടയിലൂടെ തീഷ്ണമായ കണ്ണുകളാൽ ഞങ്ങളെ നോക്കി ശ്ലോകങ്ങൾ നീട്ടിച്ചൊല്ലുമായിരുന്നു. പദാനപദം അർത്ഥങ്ങൾ വിവരിച്ച് വീണപൂവിനെ വിസ്തരിച്ചു തരുമായിരുന്നു. അന്ന് ആശാനോടോ, വീണപൂവിനോടോ പ്രത്യേകിച്ചൊരു മമതയും തോന്നിയിരുന്നില്ല.

കർക്കശക്കാരനായ ജോബ് സാറിനെ ഭയന്ന് വല്യ ബുദ്ധിമുട്ടോടെ, മനസ്സില്ലാ മനസ്സോടെ, അദ്ദേഹത്തെ മനസുകൊണ്ടു ശപിച്ച് അന്നതൊക്കെ പഠിച്ചു. അതവിടെ കഴിഞ്ഞു. വർഷങ്ങൾ കഴിഞ്ഞു. ധനുമാസത്തിലെ ആതിര നിലാവുള്ള ഒരു രാത്രി. ഗായത്രിപ്പുഴയുടെ തീരത്ത് കരിമ്പനകൾ കാവൽ നിൽക്കുന്ന മലനിരകൾക്കപ്പുറം തെന്മലയിലെ പ്രിയ സുഹൃത്തായ സഹദേവന്റെ വീട്ടിൽ അവൻ ക്ഷണിച്ച പ്രകാരം ഒരൊഴിവു കാലം ചെലവിടാൻ വന്നതായിരുന്നു ഞാൻ. രാത്രി സഹദേവന്റെ അമ്മ ഒരു വലിയ 'കുടുവൻ' പിഞ്ഞാണത്തിൽ പാലക്കാടൻ കുത്തരിയുടെ കൊഴുത്തു കുറുകിയ ചൂട്ടു കഞ്ഞി ചിരട്ടത്തവി കൊണ്ടൊഴിച്ചു തന്നു. പച്ചപ്പയർ ഉപ്പേരിയും, കണ്ണിമാങ്ങാ അച്ചാറും, കനലിൽ ചുട്ടെടുത്ത പപ്പടവും, കൊണ്ടാട്ടവുമൊക്കെക്കൂട്ടി സ്വാദോടെ വയർനിറയെ കഞ്ഞി കുടിച്ചു. സ്കൂളിൽ സഹപാഠികളായിരുന്ന ഞങ്ങൾ രാത്രിയുടെ കനത്ത നിശ്ശബ്ദതയിൽ പഴയ ഓർമ്മകൾ പരസ്പരം പങ്കുവച്ചു. ഫറവോന്റെ ഗോതമ്പു വയലുകൾ തിന്നു തീർത്ത വെട്ടുക്കിളികൾപോലെ എന്റെ ഓർമ്മകൾ ചിതറി വീഴാൻ തുടങ്ങി. ഒടുവിലത് ജോബ് സാറിൽക്കൂടി വീണപൂവിലെത്തി. പെട്ടെന്ന്, എന്റെ സംഭാഷണത്തെ മുറിച്ചുകൊണ്ട് 'ഞാനിപ്പവരാം' എന്നു പറഞ്ഞ് വേഗത്തിൽ അകത്തേക്ക് പോയ സഹദേവൻ അവന്റെ പ്രിയപ്പെട്ട നാഷണൽ പാനാസോണിക്കിന്റെ 'പോർട്ടബിൾ' ടേപ്പ് റെക്കോർഡറുമായി തിരികെ വന്നു. എന്നെപ്പോലെ തന്നെ സംഗീതം മനസ്സിൽ കൊണ്ടു നടക്കുന്ന, എസ്.ജാനകിയുടെ ആരാധകൻ കൂടിയായ സഹദേവൻ നീ 'ഇതൊന്നു കേട്ടു നോക്ക്' എന്നു പറഞ്ഞ് ടേപ്പ് റെക്കോർഡറുമായി ഓൺ ചെയ്തു.

'വീണ പൂവേ
കുമാരനാശാന്റെ വീണ പൂവേ..
വിശ്വദർശന ചക്രവാളത്തിലെ
നക്ഷത്രമല്ലേ നീ
ഒരു ശുക്ര നക്ഷത്രമല്ലേ നീ '

ജീവിതത്തിൽ ഒരു പാട്ട് ഇത്ര മാധുര്യത്തോടെ ആസ്വദിച്ച ഒരു നിമിഷം വേറെ ഉണ്ടാവില്ല. ഒരു പക്ഷേ പ്രകൃതി ഒരുക്കിയ ആ പശ്ചാത്തലവും, ആ സാഹചര്യവും അതിനൊരു കാരണമാവാം. പരിസരമാകെ അതങ്ങനെ അലയടിച്ചു നിന്നു. ഒരു നൊമ്പരം പോലെ... വീണപൂവിനെ, നൊമ്പരപ്പൂവിനെത്തലോടുന്ന നേർത്ത സാന്ത്വനം പോലൊരു ഗാനം. ആത്മാവിനെ തൊട്ടുണർത്തുന്ന പാട്ടിനിടയിലെ ഓടക്കുഴൽ നാദം. ജാനകിയമ്മയുടെ ആലാപനം 'താരസ്ഥായി' യിലേക്കെത്തിയപ്പോൾ അറിയാതെ മനസൊന്നു വിതുമ്പിപ്പോയി. അത്രയ്ക്കും വികാര വായ്പോടെയാണ് ജാനകിയമ്മയത് പാടിയത്.

വീണ്ടും, വീണ്ടും, ആ പാട്ടു ഞാൻ കേട്ടു. കയ്യിൽ ടേപ്പ് റെക്കോർഡറുമായി നിലാവ് നിഴൽ വിരിച്ച തേന്മാവിന്റെ ചുവട്ടിലേക്ക് വീണപൂവിനെത്തേടി ഞാൻ നടന്നു. പാട്ടിൽ മുഴുകിപ്പോയ ഞാൻ അതേ വേദനയോടെ ജോബ് സാറിനെ ഒന്നോർത്തു പോയി. അന്ന് അദ്ദേഹം പൂവിന്റെ, പ്രേമിച്ച പെണ്ണിന്റെ വിരഹവും, വേദനയും പറഞ്ഞപ്പോൾ പ്രത്യേകിച്ചൊരു വികാരവും തോന്നിയിരുന്നില്ല.. പക്ഷേ ഇപ്പോൾ എനിക്ക് വേദന തോന്നുന്നു.

നിലാവെട്ടത്തിൽ കറുത്ത മണ്ണിൽ മഞ്ഞേറ്റ് ചൈതന്യമറ്റു കിടക്കുന്ന പൂക്കളെ ഞാനൊന്നു നോക്കി. പിന്നെ, പറമ്പിന്റെ അതിരിലേക്ക് നടന്നു. ജാനകിയമ്മ വീണ്ടും പാടി.

'വിഷാദവതി നീ കൊഴിഞ്ഞുവീണപ്പോൾ
വിരഹമുണർത്തിയ വേദനകൾ
നിൻ വേദനകൾ'...

അന്ന് ആ രാത്രിയിൽ, ആ നിമിഷത്തിൽ, അവിടെ വച്ച്, ഞാൻ ആശാനെ ഇഷ്ടപ്പെടാൻ തുടങ്ങി. വല്ലാത്ത ഒരിഷ്ടം. പിന്നീട്, ആശാനും, വീണപൂവും, ജോബ് സാറും എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. വീട്ടിലെത്തി. തിരക്കുകളായി, ആശാനെ മറന്നു, വീണപൂവിനെയും. കർക്കിടകത്തിലെ ഒരു കറുത്ത പുലരി. പെരുമഴയിൽ, കാറ്റു കൊണ്ടു വന്ന ഉവാനം ജനൽപ്പാളികൾക്കിടയിലൂടെ എന്റെ മുഖത്തെ നനച്ചെട്ടത്തപ്പോൾ ഉറക്കമുണർന്ന ഞാൻ ഒരിക്കൽക്കൂടി വീണപൂവിനെക്കണ്ടു. മുറ്റത്തെ ചെമ്പരത്തിയുടെ ചോട്ടിൽ. വെള്ളത്തിൽ ഒഴുകി നടക്കുന്ന കടും ചുവപ്പുപൂക്കൾ...,വീണപൂക്കൾ... വീണ്ടും വീണപൂവിന്റെ ചിന്തകൾ കൂടുതൽ ശക്തമായിത്തുടങ്ങി. പഴയ പുസ്തകം കണ്ടെടുത്തു വായിക്കുവാൻ ഒരു ശ്രമം നടത്തി.

ആറ്റിക്കുറുക്കിയ വാക്കുകളിലൂടെ ആഖ്യാന ചാതുരിയുടെ പരകോടിയിലെത്തി നിൽക്കുന്ന ആ ഖണ്ഡകാവ്യത്തിലെ ഭാഷയുടെ ഗഹനത അപ്പോൾ എനിക്ക് ഒട്ടും മനസിലാകാതെ പോയി. എത്ര ലളിതമായിട്ടായിരുന്നു ജോബ്സാർ അന്ന് ഈ ശ്ലോകങ്ങളൊക്കെ ക്ലാസ്സിൽ അവതരിപ്പിച്ചത്. ഞാൻ വീണ്ടും ജോബ് സാറിനെ ഓർത്തു. സാറിനെ ഒരിക്കൽക്കൂടി കാണണമെന്ന വല്ലാത്ത ഒരു മോഹം. അതെന്നെ അദ്ദേഹത്തിന്റെ മറിയപ്പള്ളിയിലുള്ള വീട്ടിലെത്തിച്ചു. ഒരു നിയോഗം പോലെ മറ്റൊരു യാത്രക്കിടയിലാണത് സംഭവിച്ചത്.

രോഗാതുരനായി തീർത്തും അവശനായിരുന്നു അദ്ദേഹമപ്പോൾ.

പഴയ 'സത്യജിത് റായ് '...

ഒരു മിന്നായം പോലെ എന്റെ മനസ്സിലൂടെ ആ ഗാംഭീര്യമുള്ള മുഖം ഒന്നു മിന്നി മറഞ്ഞു. കറുത്ത കണ്ണടയിലെ തീഷ്ണമായ നോട്ടമിപ്പോളില്ല.. തികച്ചും അവശൻ. സ്വയം പരിചയപ്പെടുത്തി വന്ദ്യവയോധികനായ അദ്ദേഹത്തിന്റെ അരികിൽ ഞാനിരുന്നു. ശുഷ്കിച്ച കൈ വിരൽക്കൊണ്ട് അദ്ദേഹമെന്റെ കൈ ചേർത്തു പിടിച്ചു. ആശാനോടും, വീണപൂവിനോടും പെട്ടന്നുണ്ടായ സ്നേഹത്തെക്കുറിച്ചും,അതിനു കാരണമാക്കിയ സാഹചര്യത്തെക്കുറിച്ചുമൊക്കെ ഞാൻ പറഞ്ഞു. സാറിനതൊരു പുതിയ അനുഭവമായിരുന്നു. ഒരു കാവ്യത്തെയും കവിയെയും അറിയുവാൻ, അത് പഠിപ്പിച്ച അധ്യാപകന്റെ അടുക്കൽ വീണ്ടും ചെല്ലുന്ന ആദ്യത്തെ ശിഷ്യൻ...! കുറ്റബോധത്തോടെ അന്ന് സാറിനെ ശപിച്ചു പോയ കാര്യമൊക്കെ പറഞ്ഞപ്പോൾ ആ രോഗാവസ്ഥയിലും അദ്ദേഹമൊന്നു ചിരിച്ചു. വിഷയത്തോടുള്ള എന്റെ ആത്മാർത്ഥത കണ്ടിട്ടാവാം അദ്ദേഹമെന്റെ മുൻപിൽ ആ പഴയ അദ്ധ്യാപകനായി മാറി. ക്ഷീണിച്ച, പതിഞ്ഞ ശബ്ദത്തിൽ വീണപൂവിനെ അദ്ദേഹമെന്റെ മനസിലേക്ക് പകർന്നു തന്നു. എന്നോട് ഒരു പ്രത്യേക വാത്സല്യം തോന്നിയ അദ്ദേഹം അവിടെ ഒരു ദിവസം തങ്ങുവാൻ എന്നോടു പറഞ്ഞു. രോഗം മാറി ഒരു പ്രത്യേക ഊർജം ലഭിച്ചപോലെയായിരുന്നു അദ്ദേഹത്തിനപ്പോൾ. അടഞ്ഞു കിടന്ന വീട്ടിലെ ലൈബ്രറി മുറി എനിക്കുവേണ്ടി തുറന്നു.

വീണപൂവിന്റെ നാൽപ്പത്തൊന്നു ശ്ലോകങ്ങളുടെയും അർത്ഥം പൂർണമായും ഞാൻ മനസിലാക്കി. എന്റെ സാഹിത്യാന്വേഷണത്തിന്റെ പുതിയ ഒരു വഴിത്തിരിവായിരുന്നു അത്. ആശാന്റെ എല്ലാ കൃതികളും തിരഞ്ഞു പിടിച്ചു ഞാൻ വായിക്കുവാൻ തുടങ്ങി. ആശാനെ കൂടുതൽ അറിയാൻ തോന്നയ്ക്കലെ ആശാൻ സ്മാരകത്തിൽ പോയി. വെറുമൊരു വീണപൂവിൽക്കൂടി മനുഷ്യാവസ്ഥയുടെ ഉയർച്ച താഴ്ചകളെ നമുക്ക് കാട്ടിത്തന്ന മഹാകവി. 'സ്ത്രീ പ്രസവിച്ച മനുഷ്യൻ അൽപ്പായുസുള്ളവനും,കഷ്ട സമ്പൂർണ്ണനുമാകുന്നു. അവൻ പൂ പോലെ വിടർന്ന് പൊഴിഞ്ഞു പോകുന്നു. നില നിൽക്കാതെ നിഴൽപോലെ ഓടിപ്പോകുന്നു.' ബൈബിളിലെ ഈ 'ഇയ്യോബ്' വചനത്തോടു ചേർന്നു നിൽക്കുന്നു ആശാന്റെ വീണപൂവും. പെട്ടന്ന് വായിച്ചു തീർക്കാവുന്ന ഒരു ചെറുകഥ പോലെയാണ് മനുഷ്യന്റെ ഈ ലോകവാസം. 'അവനി വാഴ്വു കിനാവ്' എന്ന ഈ തത്വചിന്തയെ അധിഷ്ഠിതമാക്കിയായിരുന്നു ആശാൻ വീണപൂവ് രചിച്ചിരുന്നത്. അതിനോട് ചേർത്തു വച്ച മറ്റു ചിന്തകളിൽക്കൂടി ഒട്ടേറെ കാര്യങ്ങൾ ലോകത്തോടു പറഞ്ഞു.

ഭക്തിയും, ശൃംഗാരവും മാത്രം കാവ്യരചനയുടെ വിഷയങ്ങളാക്കി കോളാമ്പികൾക്കു ചുറ്റും വട്ടം കൂടിയിരുന്നു, ചതുരംഗം കളിച്ചും, വെടി പറഞ്ഞും, അക്ഷരശ്ലോകങ്ങൾ ചൊല്ലിയുമൊക്കെ സമയം കഴിച്ചിരുന്ന ഒരു തലമുറയുടെ ഇടയിലേക്ക് ചിന്തയുടെ അക്ഷരക്കനലുകൾ വാരി വിതറി, ചുട്ടു പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ അനാവരണം ചെയ്ത കവി..! താൻ ജീവിച്ചിരുന്ന കാലഘട്ടത്തിനപ്പുറത്തേക്കു ചിന്തിച്ച ക്രാന്തദർശിയായിരുന്നു ആശാൻ.

പാടത്തും, പറമ്പിലും, ചേറിലും, ചെളിയിലും, അയിത്തത്തിന്റെ വിത്തുകൾ വാരിവിതറിയ പഴയ മേലാളന്മാരിൽ നിന്നും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ പുതിയമേലാളന്മാർ ജാതി,മത, വർഗ്ഗ ഗോത്രങ്ങൾ തിരിച്ച് അയിത്തത്തെ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നു. രാഷ്ട്രീയത്തിൽ, കലയിൽ, സാഹിത്യത്തിൽ, സിനിമയിൽ, സ്കൂളിൽ, കോളേജിൽ തുടങ്ങി സാമൂഹത്തിന്റെ സമസ്ത മേഖലകളിലും, സാക്ഷരതയുടെ പുതിയ 'ഹൈ ടെക് അയിത്തം' ഒളിഞ്ഞും തെളിഞ്ഞും തുടർന്നു കൊണ്ടേയിരിക്കുന്നു. ആശാൻ നിർത്തിയിടത്തു നിന്നും പ്രിയ കവി വയലാർ വീണ്ടും വീണപൂവിനെക്കുറിച്ചെഴുതി.'വിശ്വദർശന ചക്രവാളത്തിലെ നക്ഷത്രമല്ലേ നീ...' പക്ഷേ, തലമുറകൾ കഴിഞ്ഞിട്ടും ആശാന്റെ വിശ്വദർശന ചക്രവാളത്തിൽ നമ്മുടെ വഴികാട്ടികളായ നക്ഷത്രങ്ങൾ തെളിയുന്നില്ല. പകരം കാൽവരിക്കുന്നിലെ കറുത്ത രാത്രിയിൽ മനുഷ്യപുത്രന്റെ മരണത്തിനു കാവൽ നിന്ന ആ രക്തനക്ഷത്രങ്ങൾ തെളിഞ്ഞു കത്തുന്നു. ആത്മീയ മരണത്തിന്റെ പ്രതീകങ്ങളായ നക്ഷത്രങ്ങൾ...!! മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലയിലും സ്നേഹത്തെ ദർശിച്ച, സ്നേഹം കൊണ്ടു സർവ്വവും നേടാമെന്നടിയുറച്ചു വിശ്വസിച്ച പടിഞ്ഞാറൻ കവി 'ഷെല്ലിയെ' സ്നേഹിച്ചുകൊണ്ടുതന്നെ ആശാനുമെഴുതി...

'സ്നേഹമാണഖില സാരമൂഴിയിൽ '... സ്നേഹം നിറഞ്ഞു തുളുമ്പി പ്രണയത്തിന്റെ നളിനിയും ലീലയുമെഴുതി. സ്നേഹ പാടത്ത് പുതിയ വിത്തുകൾ പാകി, സ്നേഹച്ചെടികളെ വളർത്തിയെടുക്കാൻ ആശാൻ അന്നു ശ്രമിച്ചു. പക്ഷേ ഇന്നോ...?ഓടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ പീഡനമേൽക്കുന്ന പെൺകുട്ടികൾ ഒരു പച്ച മനുഷ്യനെ ഭിത്തിയോടു ചേർത്ത് വണ്ടിയിടിപ്പിച്ചു കൊല്ലുന്ന, അസുരതയുടെ ആൾരൂപങ്ങൾ...!!ഒറ്റക്കൈകൊണ്ടൊരു പെൺകുട്ടിയെ കൊന്നു തള്ളി കോടതിയിൽ ചിരിച്ചു നിൽക്കുന്നു അസുരന്മാർ..! ഗുണ്ടകളാകുന്ന ഗുരുക്കന്മാർ..! ചോര രാഷ്ട്രീയമാക്കിയ നേതാക്കന്മാർ....! ഇവരൊക്കെ ജീവിതമിവിടെ ഉത്സവമാക്കുമ്പോൾ, അങ്ങകലെ– ആലപ്പോയിലെ, ടുണീഷ്യയിലെ, ഈജിപ്തിലെ, ഇസ്താംബൂളിലെ, ഇസ്രായേലിലെ, ഇറാക്കിലെ, പാലസ്ഥീനിലെ, പാക്കിസ്ഥാനിലെ, അഫ്ഗാനിസ്ഥാനിലെ, ഗാസയിലെ, സ്വാത്ത് താഴ്വരയിലെ തെരുവുകൾ ചോര വീണു ചുവക്കുന്നു. മൃതദേഹങ്ങളിൽ ഉമ്മ വയ്ക്കുന്ന ഉറ്റവരുടെ നിലവിളികൾ... കൈയിൽ കളിപ്പാട്ടവുമായി പിടഞ്ഞു വീഴുന്ന കുഞ്ഞുങ്ങൾ.. തീയും, ഗന്ധകവും, ഉഷ്ണക്കാറ്റും ആഞ്ഞു വീശുന്ന അഭയാർത്ഥി കൂടാരങ്ങളിലെ ദീനരോദനം... അവിടെ, പച്ചയായ പുൽപ്പുറങ്ങൾ കുരിശുൾ താഴ്വരകളാകുന്നു. സ്നേഹം നഷ്ടപ്പെട്ട ഊഷരഭൂമിയിൽ അക്രമം 'ക്രമമായി'ക്കൊണ്ടിരിക്കുന്നു.

കുമാരനാശാന്റെ കാവ്യങ്ങളുടെ പ്രസക്തി ഇവിടെയാണ്. ആർക്കും ഒരു ദ്രോഹവും ചെയ്യാതെ, ആരെയും ആകർഷിക്കുന്ന അഴകും, സൗരഭ്യവും, ശുദ്ധിയും, മൃദുത്വവുമൊക്കെയുണ്ടായിരുന്ന മനോഹരിയായ പൂവിന്റെ അകാല ചരമത്തിൽ വേദനിക്കുന്ന കവി 'ഗുണികളൂഴിയിൽ നീണ്ടു വാഴാ'... എന്നു പറയുമ്പോൾ എല്ലാക്കാലത്തും അത് അക്ഷരംപ്രതി തന്നെ സംഭവിക്കുന്നു. അസുരതയും, മൃഗീയതയും മനസ്സിലൊളിപ്പിച്ച് ദുഷ്ടന്മാർ പനപോലെ തന്നെ വളരുന്നു. മനസ്സിൽ നന്മയുള്ളവരോ അൽപ്പായുസ്സുക്കളാകുന്നു. ആശാന്റെ കാര്യത്തിലത് അറം പറ്റിയപോലെ തന്നെ സംഭവിച്ചു. സ്നേഹത്തിന്റെ, കരുണയുടെ, വാക്കുകൾ കൊണ്ട് അക്ഷര തൈലമുണ്ടാക്കി നമ്മെ തലോടിയ മഹാകവി അൻപത്തൊന്നാമത്തെ വയസിൽ മണ്മറഞ്ഞു പോയി.

ഇരുപത്തിയഞ്ചാം വയസിൽ ജീവിതം പൊലിഞ്ഞു പോയ പടിഞ്ഞാറിന്റെ പ്രണയ കവി കീറ്റ്സിനെപ്പോലെ കുമാരകോടിയിൽ 'ജലത്തിൽ പേരെഴുതപ്പെട്ടവനായി' ആശാനും. ആശാനിൽക്കൂടി പിന്നീട് ഞാൻ ഒട്ടേറെ കവികളിലേക്ക് വീണ്ടും പോയി. ആശാന്റെ ഇഷ്ടകവി ടാഗോറിലേക്കെത്തി. കീറ്റ്സിനെയും കാളിദാസനെയും, കൂടുതൽ, കൂടുതൽ അറിഞ്ഞു. കാണ്വാശ്രമ പരിസരത്ത് നിലാവുപോൽ പൂത്തു നിൽക്കുന്ന വനജോത്സ്യനകൾ, ആശ്രമ വയലുകളിൽ നിന്ന് വരിനെല്ലുകൾ കൊത്തിപ്പറക്കുന്ന തത്തക്കൂട്ടങ്ങൾ, മണൽത്തിട്ടയിൽ മുട്ടിയുരുമ്മിയിരിക്കുന്ന ഇണയരയന്നങ്ങൾ, മരവുരികൾ തൂക്കിയ മരത്തിനു കീഴെ കലമാന്റെ കൊമ്പിൽ ഇടങ്കണ്ണുരസുന്ന പെണ്മാൻ.

കാളിദാസന്റെ ശാകുന്തളം എന്റെ മനസിൽ മഴവിൽ ചിത്രങ്ങളായി. കാല്പനികതയുടെ കുന്നിൻപുറങ്ങളിൽ എന്റെ കിനാക്കൾ ഗോക്കളെപ്പോലെ മേഞ്ഞു നടന്നു. മഞ്ഞു പെയ്യുന്ന കുളിർ രാവുകളിൽ മൾബറിത്തോട്ടത്തിലെ വെളുത്ത ചായം പൂശിയ ഒരു കൊളോണിയൽ വീടിന്റെ വെള്ള ജനാലകൾ തുറന്ന്, മങ്ങിയ ഇരുണ്ട വെളിച്ചത്തിൽ രാപ്പാടികളുടെ പാട്ടു കേട്ട് കണ്ണടച്ചു നിൽക്കുന്ന കീറ്റ്സിനെ ഞാൻ സ്വപ്നം കണ്ടു.

വർഷങ്ങൾ പിന്നെയും കഴിഞ്ഞു, നാട്ടും നഗരവും മാറി. പ്രകൃതിയും, കാലാവസ്ഥയും മാറി. 'പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞിയെന്ന്' കുമാരനാശാൻ സ്വപ്നംകണ്ട ആ പൂക്കാലം മാറി. ഇതിനിടയിൽ ഞാനൊരു പ്രവാസിയായി. വായനയുടെ കരുത്തിൽ കുറെയൊക്കെ എഴുതി. ഒട്ടേറെ കാര്യങ്ങൾ ജീവിതത്തിൽ സംഭവിച്ചു. ദേശീയ പുരസ്ക്കാരമെന്ന അംഗീകാരവും, ആ അംഗീകാരം മാനിച്ച് വല്യ വേദികളിൽ എനിക്കും ഓരോ ഇരിപ്പിടം തരപ്പെട്ടു തുടങ്ങി. ജീവിതം കൂടുതൽ തിരക്കുള്ളതായി. അവിചാരിതമായി ജാനകിയമ്മയും, വീണപൂവും ഒരിക്കൽക്കൂടി എന്നിലേക്ക് തിരിച്ചു വന്നു. അഭിലാഷ് പുതുക്കാട് രചന നിർവ്വഹിച്ച 'എസ്. ജാനകി ആലാപനത്തിലെ തേനും വയമ്പും' എന്ന വേൾഡ് ബുക്ക് ഒഫ് റെക്കോർഡ്സും, ഇന്ത്യൻ ബുക്ക് റെക്കോഡ്സും ലഭിച്ച ബുക്കിന്റെ പ്രകാശന കർമ്മത്തിൽ മുഖ്യാതിഥിയായി ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിൽ വന്നതായിരുന്നു ഞാൻ. എന്റെ സാഹിത്യാന്വേഷണത്തിന്റെ, വായനയുടെ, ഒരു പുതിയ ലോകം തുറക്കുവാൻ പാട്ടിൽക്കൂടി എന്നെ പ്രേരിപ്പിച്ച പ്രിയ ഗായികയെക്കുറിച്ചു സംസാരിക്കുവാൻ കിട്ടിയ സുവർണ്ണാവസരമായിരുന്നു അത്. ജാനകിയമ്മയുടെ പാട്ടുകളെക്കുറിച്ച് കുറെ സംസാരിച്ചു. പ്രത്യേകിച്ച് വീണപൂവിനെക്കുറിച്ച് അന്ന് രാത്രി മുഴുവൻ വീണപൂവിന്റെ ചിന്തകളായിരുന്നു. മനസ്സ് വീണ്ടും ആർദ്രമാകുവാൻ തുടങ്ങിയിരുന്നു. മുറിക്കുള്ളിൽ അരണ്ട വെളിച്ചം മാത്രമുപയോഗിച്ച് നവ സാങ്കേതികതയുടെ പൂർണതയോടെ ജാനകിയമ്മയുടെ ആ പാട്ട് വീണ്ടും ഞാൻ കേട്ടു. 'വീണ പൂവേ ... കുമാരനാശാന്റെ വീണ പൂവേ.. വിശ്വദർശന ചക്രവാളത്തിലെ നക്ഷത്രമല്ലേ നീ ഒരു ശുക്ര നക്ഷത്രമല്ലേ നീ...'മഞ്ഞും, മരവും, നിലാവുമൊന്നുമില്ലാതെ ഫ്ളാറ്റിനകത്തെ അടച്ചുപൂട്ടിയ മുറിയിലിരുന്ന് ഞാനാ പാട്ടു കേൾക്കുമ്പോൾ മനസ്സിലേക്ക് വീണ്ടുമൊരു മഞ്ഞു മഴ പെയ്തിറങ്ങുകയായിരുന്നു...

(joshymangalath66@gmail.com)

പക്ഷിനോട്ടം



രഹാന ഹബീബ്

കരിയിലക്കിളി

Jungle Babbler (Turdoides striata)

കുറച്ചു ഗ്രാമപ്രദേശത്തോട് അടുത്താണ് വീടെങ്കിൽ മിക്കവാറും ഉണങ്ങി വീണ ഇലകളുടെ ഇടയിൽ നിന്ന് എപ്പോഴും വഴക്കു കൂടുന്നത് പോലെ ചിലച്ചു കൊണ്ട് പറക്കുന്ന ഒരു പറ്റം തവിട്ടു കിളികളെ കണ്ടിട്ടുണ്ടാവാം. ഏഴു മുതൽ പത്തു വരെ കിളികൾ ഈ സംഘത്തിൽ കാണാം. അവ സെവൻ സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന കരിയിലക്കിളികൾ ആണ്. ഇവ കാടുകളിലും ഉണ്ട്.മരങ്ങൾ നിറഞ്ഞ വലിയ വീട്ടുപരിസരമോ ഉദ്യാനമോ ഒക്കെ ഉണ്ടെങ്കിൽ അവ അവിടെ ഉണ്ടാകാതിരിക്കില്ല. ഇന്ത്യയിലും ശ്രീലങ്കയിലും ഒക്കെ ഉള്ള ഈ പക്ഷികൾക്കു വളരെ ചെറിയ ചിറകുകൾ ആണുള്ളത്. അത് കാരണം ചെറിയ രീതിയിലെ പറക്കാറുള്ളൂ. മിക്കവാറും ഒരേ സ്ഥലത്തു തന്നെ കാണാറുമുണ്ട്. ആണും പെണ്ണും ഏതാണ്ട് ഒരുപോലെയൊക്കെ തന്നെ. എപ്പോഴും വർത്തമാനം പറയുന്നത് പോലെയോ വഴക്കുണ്ടാക്കുന്നത് പോലെയോ ചിലച്ചു കൊണ്ടിരിക്കും. എപ്പോ കണ്ടാലും ഒരു ആംഗ്രി ബേർഡ്ന്റെ മുഖഭാവം. പഴങ്ങളും കായ്കളും വിത്തുകളും പൂച്ചികളും പുഴുക്കളും ഒക്കെ ആഹാരം. വർഷത്തിൽ ഒന്നിലധികം പ്രാവശ്യം കൂടുകൂട്ടുകയും മുട്ടയിടുകയും കുഞ്ഞുങ്ങളെ വിരിക്കുകയും ഒക്കെ ചെയ്യും. മരത്തിൽ കനത്ത ഇലകൾ കൊണ്ട് മറഞ്ഞ ഭാഗം നോക്കി തിരഞ്ഞെടുത്തു വൃത്താകൃതിയിൽ നാരുകളും കനം കുറഞ്ഞ ചുള്ളിക്കമ്പുകളും കോർത്തിണക്കി കൂട്ടുണ്ടാക്കുന്നു...മുട്ടകൾ കാണാൻ നല്ല ഭംഗിയാണ്. പച്ച കലർന്ന നീല നിറം.

സാധാരണ മൂന്നു നാലു മുട്ടകൾ ആണ് പതിവെങ്കിലും ചിലപ്പോഴെങ്കിലും അത് ഏഴു വരെ എത്തിയേക്കാം. അച്ഛനമ്മമാർ കുഞ്ഞുങ്ങളെ വളരെ നന്നായി പരിലാളിക്കുന്നു. എപ്പോഴും തൂവലുകളും ചീകി കൊടുത്തും തലോടിയും ഒക്കെ കുഞ്ഞുങ്ങളെ നന്നായി നോക്കുന്നു. ഇവയുടെ സാമൂഹിക രീതി വളരെ പ്രത്യേകത ഉള്ളതാണ്. ഒരിക്കലും ഇവ ഗ്രൂപ്പ് വിട്ടു പോകാറില്ല. എപ്പോഴും വളരെ ഒത്തൊരുമയോടെ കൂട്ടത്തിൽ തന്നെ ജീവിക്കുന്നു.

പുസ്തകപരിചയം

വർത്തമാനത്തിന്റെ വ്യസനസമുച്ചയം

ഹാരിസ് നെന്മേനി

ജീവിക്കുന്ന കാലത്തെ, ചുറ്റുമുള്ള ലോകത്തെ കലർപ്പോലാതെ അടയാളപ്പെടുത്തുക എന്നതും സാഹിത്യത്തിന്റെ ധർമ്മമാണ്, എങ്കിൽ ആ ധർമ്മം കൃത്യമായി പാലിക്കുന്ന കൃതിയാണ് അമൽ എഴുതിയ വ്യസന സമുച്ചയം എന്ന നോവൽ. വായിച്ചു തുടങ്ങുന്ന, മുന്നോട്ട് പോകുന്ന ഒരാൾക്ക് ഈ സംഭവ ഗതികൾ ഈയിടെ മാത്രം തന്റെ അയൽപക്കത്ത്, അല്ല ഈയിടെയല്ല ഇന്നലെത്തന്നെയല്ല ഇന്നലെയല്ല ഇന്ന്, ഇപ്പോൾ, ഈ നിമിഷം കൂടി സംഭവിച്ചു കൊണ്ടിരിക്കുന്ന തോന്നൽ ഉളവാക്കും വിധം അത്ര മേൽ കാലികമാണ് ഈ നോവലിന്റെ പ്രമേയവും അത് നോവലിസ്റ്റ് പരിചരിച്ചിരിക്കുന്ന വിധവും. നോവലിനെ ആകെയും പൊതിഞ്ഞ് നിൽക്കുന്ന പ്രമേയ പരമായ നവ്യതയും അത് പ്രസരിപ്പിക്കുന്ന ഊർജ്ജവും നോവലിന്റെ പാരായണക്ഷമതയെ ഏറെ ഉയരത്തിൽ നിർത്തുന്നുണ്ട്.

അനേകം തട്ടിപ്പുകളുടെ വിളനിലമായ രാജ്യതലസ്ഥാനം ഡൽഹി കേന്ദ്രീകരിച്ച് അരങ്ങേറുന്ന ഒരു കുറ്റകൃത്യത്തിന്റെ വിവരണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. നൈജീരിയക്കാരായ പ്രതികൾ നടത്തിയ വ്യാജ വ്യവഹാരങ്ങളുടെ വ്യാപ്തി ആദ്യ അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. രാജ്യത്തിനകത്തും ലോകത്തിന്റെ ഇതര ഭാഗങ്ങളിലും കൂടി പടർന്ന് പന്തലിച്ചു കിടക്കുന്ന വലിയ കുറ്റകൃത്യങ്ങളുടെ വലക്കണ്ണികൾ അന്വേഷിച്ച് പോകുന്ന ഒരു ത്രില്ലറിലേക്കാണോ എഴുത്തുകാരൻ നമ്മെ നയിക്കുന്നത് എന്ന തോന്നലാണ് ആദ്യം വായനക്കാരിൽ ഉണരുക. എങ്ങനെയാകും അമൽ ഈ വലിയ പ്രമേയത്തെ പരിചരിക്കുക എന്ന ആകാംക്ഷ വേരൂന്നി ഉറക്കും മുൻപേ, പക്ഷേ നോവലിസ്റ്റ് വായനക്കാരനെ തന്റെ കൈകാര്യ ലോകത്തിന്റെ പരിധിക്കുള്ളിലേക്ക് കൃത്യമായിത്തന്നെ കൊണ്ട് വന്നിറക്കുന്നു. പിന്നീട് കേരളത്തിലെ ഒരു ജില്ലയിൽ തിരുവനന്തപുരത്ത് ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ഭൂഭാഗത്ത് ചുരുൾ വിടരുന്ന സംഭവഗതികളായാണ് നോവൽ പുരോഗമിക്കുന്നത്.

അസംഖ്യം കഥാപാത്രങ്ങളിലൂടെ, അവരുടെ പാരസ്പര്യത്തിലൂടെ അനുഭവങ്ങളിലൂടെ മുന്നോട്ട് പോകുന്ന നോവലിൽ പ്രണയം, ചതി,കാപട്യം,പരാജയം, സ്നേഹം, ആർദ്രത, അസഹിഷ്ണുത തുടങ്ങി ജീവിതം സമസ്ത ഭാവങ്ങളിൽക്കൂടി കടന്ന് വരുന്നു.

നോവലിന്റെ ആമുഖത്തിൽ എഴുത്തുകാരൻ പറയുന്നത് പോലെ തന്നെ ഫേസ്ബുക്ക് ഉള്ളവരുടെയും ഇല്ലാത്തവരുടെയും കഥയാണ് അക്ഷരാർത്ഥത്തിൽ ഈ വ്യസന സമുച്ചയം.

മണ്ണിൽ തൊടാതെ മാതാപിതാക്കളുടെ പണത്തിന്റെ തിളക്കത്തിൽ തുളുമ്പുന്ന ചെറുപ്പക്കാരുടെ കൂട്ടത്തെ വരച്ചിട്ട് കൊണ്ട് അമലിന്റെ കഥാപാത്രങ്ങൾ പ്രയോഗിക്കുന്ന വാക്കുകൾ മലയാള നോവലിന്റെ പ്രതീക്ഷകൾ തീർത്തും സമകാലികമായ വ്യസനസമുച്ചയത്തിലൂടെ ജ്വലിപ്പിച്ചു നിർത്തുന്നുണ്ട്.

ജ്ഞാനപ്പഴം
ഭഗവദ് ഗീത

ഈശ്വരനും ആകാശവും

ഈശ്വരൻ ആധാരവും ലോകം ആധേയവുമാണ്. എന്നാൽ സൂക്ഷ്മരൂപത്തിൽ ഈശ്വരൻ എന്തിലും വ്യാപിച്ചിരിക്കുന്നുമുണ്ട്. ആകാശംപോലെ സർവ്വവ്യാപിയാണ് ഈശ്വരൻ. എന്നാൽ ഒരു വസ്തുവും ആകാശത്തിന്റെ ആധാരവുമല്ല. അതുപോലെ ഈശ്വരൻ ഒന്നിലും ആധേയഭൂതനല്ല. ഈശ്വരനിൽനിന്ന് അന്യമായ ഒന്നിനും അസ്തിത്വമില്ലാത്തതുകൊണ്ടും എല്ലാം ഈശ്വരനിൽത്തന്നെയാണെന്നും പറയാം. എല്ലായിടത്തുമെത്തുന്ന മഹത്തായ വായു എങ്ങനെ ആകാശത്ത് സ്ഥിതിചെയ്യുന്നുവോ അതുപോലെ എല്ലാ ഭൂതങ്ങളും എന്നിൽ കുടികൊള്ളുന്നു എന്ന് ധരിക്കുക.

വാരാന്ത്യകൗമുദിയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
എഡിറ്റർ, വാരാന്ത്യകൗമുദി, കേരളകൗമുദി ബിൽഡിംഗ്സ്, പി.ഒ. പേട്ട, തിരുവനന്തപുരം - 24
എന്ന വിലാസത്തിലോ, *sundaykaumudi@gmail.com*
എന്ന വിലാസത്തിലോ അയക്കുക.